# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com, Facebook : KEEC INTUC, YouTube: Keec intuc

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN Ex.M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | NAZEER.M |
| | 9447083300 | 9447303578 | 9447241503 |


No. KEEC/GL/2025/21

തിരുവനന്തപുരം
09.04.2025

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം : - ഇലക്ട്രിസിറ്റി വർക്കർ- ലൈൻമാൻ പ്രമോഷൻ - പുറത്തിറക്കുന്നത് സംബന്ധിച്ച്.**

KSEBL ൽ ലൈൻമാന്റെ വളരെയധികം ഒഴിവുകൾ ഉണ്ട്. ആവശ്യത്തിന് ജീവനക്കാരില്ലാത്തത് KSEBL ന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. നിലവിലുള്ള വർക്കേഴ്സിന് പ്രമോഷൻ കൊടുത്താൽ പരിഹരിക്കാവുന്ന പ്രശനം KSEBL ന്റെ പിടിപ്പുകേടുകൊണ്ട് വഷളായിരിക്കുകയാണ്. ഇലക്ട്രിസിറ്റി വർക്കർ പ്രമോഷന് വിഘാതമായി KSEBL പറഞ്ഞിരുന്നത് CEA റെഗുലേഷനും ബഹു.സുപ്രീം കോടതിയിലുള്ള കോടതിയലക്ഷ്യ ഹർജിയുമാണല്ലോ. CEA റെഗുലേഷൻ 2023 പ്രകാരം റെഗുലേഷൻ നോട്ടിഫിക്കേഷൻ തീയതിയായ 8.6.2023 വരെ KSEBL ൽ നിലവിലുള്ള എല്ലാ ജീവനക്കാരെയും PSSC മാനദണ്ഡ ട്രെയിനിങ് പ്രകാരം യോഗ്യരാക്കാമെന്നാണല്ലോ. അതിൻ പ്രകാരമുള്ള ട്രെയിനിങ് 90% വും പൂർത്തിയായി. കഴിഞ്ഞ 2 വർഷത്തിനിടയിൽ എന്തുകൊണ്ടാണ് മേൽ ട്രെയിനിങ് പൂർത്തിയാക്കാതിരുന്ന തെന്നുള്ള ചോദ്യം ഇപ്പോഴും അവശേഷിക്കുന്നു. ബാക്കിയുള്ളവർക്കുകൂടി ഈ മാസം തന്നെ ട്രെയിനിങ് പൂർത്തിയാക്കുമെന്ന് KSEB പബ്ലിഷ് ചെയ്ത schedule പ്രകാരം മനസ്സിലാക്കുന്നു. ആയതിനാൽ ട്രെയിനിംഗ് പൂർത്തിയാക്കിയ വിശദാംശങ്ങൾ അടുത്ത പോസ്റ്റിങ്ങ് തീയതിയിൽ ബഹു.സുപ്രീം കോടതിയിൽ നൽകി ഉടൻ ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കി എല്ലാവർക്കും പ്രമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ് | നസീർ.എം |
| പ്രസിഡന്റ് | വർക്കിംഗ് പ്രസിഡന്റ് | ജനറൽ സെക്രട്ടറി |

KERALA ELECTRICITY EMPLOYEES CONFEDERATION
Reg. No. 01-14/87
AFFI. No. 10485
INTUC